LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിൽ ഡയാലിസിസിന് സൗകര്യം

50 (2259) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലയിൽ നിലവിൽ ഏതൊക്കെ ആശുപത്രികളിലാണ് ഡയാലിസിസ് സൗകര്യമുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) രോഗികളുടെ വർദ്ധനവും സൗകര്യവും പരിഗണിച്ച് സർക്കാർ മേഖലയിൽ കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം നിലവിൽ ഉണ്ടോ ; ഇല്ലെങ്കിൽ അത് ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കാസർഗോഡ് ജനറൽ ആശുപത്രിയിലാണ് നിലവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നത്.

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് ജനറൽ ആശുപത്രിയിൽ ടി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കാരുണ്യ ബെനവലന്റ് ഫണ്ടിന് സമർപ്പിച്ചിട്ടുണ്ട്. നീലേശ്വരം താലൂക്കാശുപത്രിയിൽ സ്ഥല സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ 2015-16 സാമ്പത്തിക വർഷം മുതൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ മേജർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) ഇല്ല. അത് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ ഡയാലിസിസിന് യൂണിറ്റ് സ്ഥാപിക്കാനുള്ള ചുമതല കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കാരുണ്യ ഫണ്ടിന് സമർപ്പിച്ചിട്ടുണ്ട്.